(2) കേരളത്തിൽ ഒരു ഐ.ഐ.ടി. സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, "കേരളത്തിൽ ഒരു ഐ.ഐ.റ്റി. സ്ഥാപിക്കണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: കേരളത്തിൽ ഐ.ഐ.റ്റി. സ്ഥാപിക്കേണ്ടത് എന്തുകൊണ്ടും അനിവാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഈ കാര്യത്തിൽ ഒരു ശ്രമം നടത്തി. ഇത് നമ്മൾ സംയുക്തമായിട്ട് പാസാക്കേണ്ടതാണ്. ഐ.ഐ.റ്റി.-കളെ സംബന്ധിച്ച് പറയുന്നത് Brain Child of Nehruvian Ideology എന്നാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവാണ് ഐ.ഐ.റ്റി ഇൻഡ്യയിൽ വേണം എന്നുള്ള ഒരു സമീപനവുമായിട്ട് മുന്നോട്ട് വന്നത്. 1950-ൽ കാൺപൂരിൽ സ്ഥാപിച്ച ഐ.ഐ.റ്റി. തൊട്ട് 1994-ൽ ഗോഹട്ടിയിൽ നിലവിൽ വന്ന North Eastern സംസ്ഥാനങ്ങൾക്കുള്ള ഐ.ഐ.റ്റി അടക്കം ഇൻഡ്യയിൽ ഇപ്പോൾ ഏഴ് ഐ.ഐ.റ്റി.-കൾ ഉണ്ട്. ഐ.ഐ.റ്റി., ബോംബെ, ഐ.ഐ.റ്റി., ഡൽഹി, ഐ.ഐ.റ്റി., കാൺപൂർ, ഐ.ഐ.റ്റി., മദ്രാസ്, ഐ.ഐ.റ്റി., റൂർക്കിൻ തുടങ്ങിയവയാണ്. ഈ ഐ.ഐ.റ്റി.-കൾ എഞ്ചിനീയറിംഗ് സാങ്കേതിക മേഖലയിൽ ഡിഗ്രി കൊടുക്കുന്നു എന്ന് മാത്രമല്ല, അതിന് ചില പ്രത്യേകതകൾ കൂടിയുണ്ട്. ആൾ ഇൻഡ്യാ സെലക്ഷനാണുള്ളത്. കേരളത്തിന് ഇത് കിട്ടുകയാണെങ്കിൽ വളരെയധികം പ്രയോജനകരമായിരിക്കും. കഴിഞ്ഞ പ്രാവശ്യം ഞാൻ ഐ.ഐ.റ്റി. മദ്രാസിന്റെ വെബ്സൈറ്റ് നോക്കിയപ്പോൾ കാണാൻ സാധിച്ച ഒരു കാര്യം നാലര ലക്ഷം രൂപ മുതൽ ഏഴ് ലക്ഷം രൂപ വരെ ശമ്പളത്തിന് ആളുകളെ ഐ.ഐ.റ്റി.-യിൽ നിന്ന് കൊണ്ടുപോകുന്നു എന്നാണ്. തൊഴിൽ ഉടമകൾ അന്വേഷിച്ച് വരുമെന്ന് മാത്രമല്ല അതിന് വേറെ ഒരു ഗുണം ഉള്ളത് റിസർച്ച് പ്രോഗ്രാമിന് വലിയ സാദ്ധ്യതയുണ്ട്. അവർക്ക് യഥാർത്ഥത്തിൽ 100% പ്ലെയ്സ്മെന്റാണ്. മദ്രാസ് I.I.T.-ക്ക് 650 ഏക്കർ സ്ഥലമാണുള്ളത്. ഹണ്ട് കേന്ദ്ര ഗവൺമെന്റിന്റെയാണ്. അവിടെ 4,000 വിദ്യർത്ഥികളുണ്ട്. 1250 അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫുണ്ട്. 2003-2004-ൽ 775 കൺസൾട്ടൻസിയും 130 സ്പോൺസേർഡ് പ്രോജക്ടും കിട്ടി. റിസർച്ച്, കൺസൾട്ടൻസി എന്നിവയിൽ യഥാക്രമം 8.59 കോടി രൂപയും 24.79 കോടി രൂപയും അവർക്ക് വരുമാനം ഉണ്ടായി. കാൺപൂർ ഐ.ഐ.റ്റി.-യിൽ 2001-2002-ൽ സ്പോൺസർഷിപ്പിൽ കിട്ടിയത് 10 കോടി രൂപയാണ്. മാത്രമല്ല, അവർക്ക് പ്രോജക്ടിന് കിട്ടിയത് 2 കോടി രൂപയും. കേരളത്തിൽ ഇത് വന്നാലുണ്ടാകുന്ന ഗുണമെന്ന് പറയുന്നത് നമുക്ക് ധാരാളം റിസർച്ച് പ്രോഗ്രാം ചെയ്യാൻ സാധിക്കും. ആൾ ഇൻഡ്യാ അടിസ്ഥാനത്തിലാണ് കുട്ടികളെ സെലക്ട് ചെയ്യുന്നത്. റിസർച്ച് മുഖേന ഏറ്റവും അധികം വിദേശി കളെത്താനും കഴിയും. ലോകത്തിൽ ഏറ്റവും അധികം ചൈനാ ക്ലേ ഉള്ള രാജ്യമാണ് നമ്മുടെ രാജ്യം. ആ ചൈനാ ക്ലേ

LIBRARY ARCHIVES Kerala Legislative Assembly

Value Added Product ആക്കി മാറ്റുന്നതിനു പകരം നമ്മൾ അതിനെ രണ്ടാമത്തെ രൂപത്തിലുള്ള സാധനമാക്കി കയറ്റുമതി ചെയ്യുന്നു. അതുപോലെ തന്നെ ഇൽമനേറ്റ് പോലുള്ള സാധനങ്ങൾ ഉണ്ട്. ഇതിലൊക്കെ റിസർച്ച് ചെയ്യാൻ നമുക്ക് ധാരാളം അവസരങ്ങൾ ലഭിക്കും. അതുപോലെ ഐ.ഐ.റ്റി.-യുടെ മറ്റൊരു പ്രത്യേകത industry intcraction programmes ആണ്. ഐ.ഐ.റ്റി. വരുകയാണെങ്കിൽ അതിന്റെ കൂടെത്തന്നെ മറ്റ് എല്ലാ വ്യവസായങ്ങൾക്കും അത് വളരെ സഹായകരമായിത്തീരും. ധാരാളം കാര്യങ്ങൾ ഇവിടെ പറയാനുണ്ട്. പക്ഷേ ഈ സഭ എനിക്ക് വളരെ ചുരുങ്ങിയ സമയം ആണെങ്കിലും out of turn priority തന്നതുകൊണ്ട് ഞാൻ അത് ദുരുപയോഗപ്പെടുത്തുന്നില്ല. എല്ലാവർക്കും അറിയാവുന്നതുകൊണ്ടാണല്ലോ ഇത് അവതരിപ്പിക്കാൻ സമയം തന്നതുതന്ന. കേരളത്തിൽ ഐ.ഐ.റ്റി. കേന്ദ്ര ഗവൺമെന്റ് തരേണ്ടതാണ്. 1995-ൽ ഞങ്ങൾ ഒരു ശ്രമം നടത്തി. അന്ന് കേന്ദ്ര ഗവൺമെന്റ് അതിനനുസരിച്ചുള്ള നിലപാടുകളുമായി മുന്നോട്ട് വരുമ്പോൾ നമ്മൾ പ്രതീക്ഷിച്ചത് ഈ ബഡ്ജറ്റിൽ ഉണ്ടാകും എന്നായിരുന്നു. ഈ നിയമസഭയുടെ പൊതുവായ വികാരം അറിയിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പു മന്ത്രിയോ മറ്റ് പ്രധാനപ്പെട്ട ആളുകളോ നമ്മുടെ എം.പി.-മാരേയും കൂട്ടി ഡൽഹിയിൽ പോയി ഐ.ഐ.റ്റി. ഉണ്ടാക്കണമെന്ന് നമ്മുടെ നിയമസഭയുടെ വികാരത്തിന്റെ വെളിച്ചത്തിൽ സമ്മർദ്ദം ചെലുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ 1993-ൽ ഐ.ഐ.റ്റി.-ക്കുവേണ്ടി ശ്രമം നടത്തി. പക്ഷേ കിട്ടിയില്ല. അന്ന് കിട്ടിയത് ഐ.ഐ.എം. ആയിരുന്നു. ഇന്ന് നമുക്ക് ഐ.ഐ.ടി. കിട്ടുകയാണെങ്കിൽ ഞാൻ പറയട്ടെ ഇൻഡ്യയിൽ ഇപ്പോൾ 7 ഐ.ഐ.ടി.-കൾ ഉണ്ട്, അതിനേക്കാൾ നന്നായി നമുക്ക് ഐ.ഐ.ടി. നടത്താൻ സാധിക്കും. ഒരു prestigious institution ആയി നമുക്ക് ഇതു കൊണ്ടുവരാൻ സാധിക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട സഭ ഇക്കാര്യത്തിൽ കാണിച്ച വളരെ യോജിച്ച ഒരു വികാരം ഞാൻ വളരെയധികം ബഹുമാനിക്കുകയാണ്. അതുകൊണ്ട് എന്റെ ഈ പ്രമേയം നമ്മളെല്ലാവരും കൂടി.....

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, ഐ.എ.ടി.-യെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ തവണ ഡൽഹിയിൽ പോയ അവസരത്തിൽ സംസാരിക്കുകയും തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അപ്പോൾ ഞാൻ പറയുന്നത്, ആ സ്വഭാവത്തിൽ നമ്മളെല്ലാവരും കൂടി ഇത് കേരളത്തിന്റെ വികാരമായി കരുതി പാസ്സാക്കിത്തരണമെന്ന് വിനീതമായിട്ട് അഭ്യർത്ഥിക്കുകയാണ്.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ എടുക്കുന്ന താൽപ്പര്യം വളരെ അഭിനന്ദനാർഹമാണ്. ഈ സഭയുടെ പൊതു വികാരം ഇതാണ്. സർ, പുതിയ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രി ചുമതലയേറ്റപ്പോൾ ആദ്യം മുഖ്യമന്ത്രി കൊടുത്ത നിവേദനങ്ങളിൽ ഐ.ഐ.ടി.-യുടെ കാര്യം പ്രത്യേകമായി ഉന്നയിച്ചിരുന്നു. നമ്മുടെ എം.പി.-മാരുടെ 2-ാം തീയതി കൂടിയ യോഗത്തിലും, എം.പി.-മാർ ഒറ്റക്കെട്ടായി ഈ ആവശ്യത്തിനായി കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണെന്ന് ഉറപ്പുനൽകിയിട്ടുണ്ട്. അതുകൊണ്ട് തീർച്ചയായും സഭയുടെ പൊതുവികാരം കേന്ദ്ര ഗവൺമെന്റിനെ ധരിപ്പിക്കുന്നതിന് ഈ പ്രമേയം അംഗീകരിക്കുന്നതിന് ഗവൺമെന്റ് അനുകൂലമാണ്.

മി. ചെയർമാൻ: പ്രമേയം ഐകകണ്ഠ്യേന പാസാക്കിയിരിക്കുന്നു.

(3) ഗൾഫ് മലയാളികളിൽനിന്ന് അമിത വിമാന യാത്രാനിരക്ക് ഈടാക്കുന്നത് സംബന്ധിച്ച്

ശ്രീ. ടി. എൻ. പ്രതാപൻ: സർ, "ഉപജീവനമാർഗ്ഗം തേടി ഗൾഫ് രാജ്യങ്ങളിലേയ്ക്ക് യാത്ര ചെയ്യേണ്ടിവരുന്ന ലക്ഷക്കണക്കിന് കേരളീയരിൽ നിന്ന് എയർ ഇൻഡ്യയും ഇൻഡ്യൻ എയർലൈൻസും ഗൾഫ് സെക്ടറിൽ ഈടാക്കുന്ന അമിതമായ വിമാന യാത്രാ നിരക്കുകൾ ഇവർക്ക് താങ്ങാനാകാത്ത ഭാരം ഉണ്ടാക്കുകയാണ്. കേരളത്തിൽ നിന്ന് യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കുള്ള വിമാനയാത്രാ നിരക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ഗൾഫ് സെക്ടറിൽ പ്രസ്തുത വിമാനകമ്പനികൾ ഈടാക്കുന്ന യാത്രാ നിരക്ക് കൂടുതലാണ്. ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള ഈ അമിത യാത്രാനിരക്കുകൾ കുറയ്ക്കാൻ എയർ ഇൻഡ്യയ്ക്കും ഇൻഡ്യൻ എയർലൈൻസിനും നിർദ്ദേശം നൽകണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു". എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, വിദേശ ഇൻഡ്യാക്കാരുടെ വരുമാനത്തിന്റെ പകുതി മലയാളികളുടേതാണെന്നും അവരുടെ അദ്ധ്വാനത്തെ നാം മാനിക്കണമെന്നും പ്രധാനമന്ത്രിയായിരുന്ന ശ്രീ. എ. ബി. വാജ്പേയി പറഞ്ഞപ്പോൾ അഭിമാനം കൊണ്ടവരാണ് നമ്മൾ. 30 ലക്ഷത്തിൽപ്പരം വരുന്ന വിദേശ മലയാളികളിൽ 20 ലക്ഷത്തോളം വരുന്ന പ്രവാസികൾ ഏറ്റവും കുറഞ്ഞത് 27,000 കോടി രൂപയാണ് ഓരോ വർഷവും എത്തിക്കുന്നത്, കേരളത്തിന്റെ മൊത്തം വരുമാനത്തിന്റെ ഏതാണ്ട് 26 ശതമാനം പ്രവാസി മലയാളികളുടേതാണ്. ഇന്ന് പീഡനത്തിന്റെ പര്യായമാണ് ഗൾഫ് മലയാളികൾക്ക് വിമാനയാത്ര. ഇത്രമാത്രം വിദേശ നാണ്യം നേടിത്തരുന്ന ഈ ഗൾഫ് മലയാളികളോട് നമ്മുടെ പൊതു മേഖലാ സ്ഥാപനമായ എയർ ഇൻഡ്യയും ഇൻഡ്യൻ എയർലൈൻസും ചെയ്യുന്ന അതിക്രൂരമായ അവഗണനയ്ക്കും ചൂഷണത്തിനും എതിരായ ഈ സഭയുടെ പൊതു വികാരം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കണമെന്നുള്ളതാണ് എന്റെ പ്രമേയം. സർ, നാട്ടിൽ നിന്ന് ഗൾഫിലേയ്ക്കും തിരിച്ചുമുള്ള യാത്രയ്ക്കാണ് ഇവർ ഏറ്റവും കൂടുതൽ ചാർജ് ഈടാക്കുന്നത്. കൂടെ ജോലിചെയ്യുന്ന പാകിസ്ഥാൻകാരും

LIBRARY ARCHIVES Kerala Legislative Assembly